©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, വെള്ളി
Thiruvananthapuram, Friday

2026 ഫെബ്രുവരി 20
20th February 2026
1201 കുംഭം 8
8th Kumbham 1201
1947 ഫാൽഗുനം 1
1st Phalguna 1947

നമ്പർ
No.
728

കേരള സർക്കാർ

റവന്യൂ (ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ.81/2026/റ.വ. *തീയതി, തിരുവനന്തപുരം, 2026 ഫെബ്രുവരി 20.*

എസ്. ആർ. ഒ. നമ്പർ 231/2026

കേരള സർക്കാരിന്റെ 04-12-2015 തീയതിയിലെ സ.ഉ(അച്ചടി) നം.649/2015/റവ പ്രകാരം തൃശ്ശൂർ എൽ.എ.(ജനറൽ) സ്പെഷ്യൽ തഹസിൽദാരെ 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിന് വിധേയമായി കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി നിയമിച്ചിട്ടുള്ളതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർദ്ദിഷ്ട ഏറ്റെടുക്കലിൽ പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി തൃശ്ശൂർ എൽ.എ ഡെപ്യൂട്ടി കളക്ടർ നിയോഗിക്കപ്പെട്ടതിനാലും;

ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി, അതായത് ഗുരുവായൂർ ദേവസ്വം ക്ഷേത്രത്തിന് ചുറ്റുമായി 100 മീറ്റർ പരിധിക്കുള്ളിലെ വികസനത്തിനായി ഭൂമി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതി അല്ലെങ്കിൽ ആയത് സംബന്ധിച്ച് പൊതു അറിയിപ്പ് നൽകിയ തീയതി ഏതാണോ അവസാനം സംഭവിക്കുന്നത് അതുമുതൽ പ്രസ്തുത സ്ഥലത്തിൽ തൽപ്പര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകളുടെ പുതുക്കലിലോ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചോ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ 15 ദിവസത്തിനകവും, പദ്ധതി പ്രദേശത്തിന്റെ വിസ്തീർണ്ണം ഏറ്റെടുക്കുവാൻ പോകുന്ന ഭൂമിയുടെ അനുയോജ്യകതയും പൊതു ആവശ്യത്തിൽ പറഞ്ഞിട്ടുള്ള ന്യായീകരണത്തെയും സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ടിലെ കണ്ടെത്തലുകളെയും സംബന്ധിച്ച ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ 60 ദിവസത്തിനകവും അവ രേഖാമൂലം ഒരു പത്രികയായി സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ), തൃശ്ശൂർ മുമ്പാകെ സമർപ്പിക്കാൻ തദനുസരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്നതോ ആക്ഷേപകന് ഭൂമിയിന്മേലുള്ള താൽപര്യം വ്യക്തമായി വിശദീകരിക്കാത്തതോ ആയ ഏതൊരു അപേക്ഷ പത്രികയും അപ്പാടെ നിരസിക്കപ്പെടാൻ സാദ്ധ്യതയുള്ളതാണ്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ്സൈറ്റായ www.thrissur.nic.in-ൽ ലഭ്യമാണ്. ആയതിന്റെ ഒരു സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

WHEREAS, the Government of Kerala have as per G.O.(P)No.649/2015/RD dated 04/12/2015 appointed the the Special Tahsildar, L.A.(General), Thrissur to perform the functions of a collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

AND WHEREAS, the Government hereby appoint Deputy Collector, L.A. Thrissur as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition.

AND WHEREAS, it appears to the Government that the land specified in the schedule below is needed or likely to be needed for public purpose to wit for the development within a radius of 100 meters around the Guruvayur Dewaswom Temple.

NOW THEREFORE, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013.

All persons interested in the said land, from the date of publication of the aforesaid notification or the date on which the said public notice is issued, whichever is later, required to lodge before the Special Tahsildar, L.A.(General), Thrissur a statement in writing of the objections if any, regarding the updation of land records or title in respect of the land proposed for acquisition within 15 days and objections if any, regarding the area and suitability of land proposed to be acquired, justification offered for public purpose and the findings of the Social Impact Assessment report within 60 days. Any objection/statement which is received after the due date and which does not clearly explain as how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is given below, which is available in the official website www.thrissur.nic.in.

BLOCK NO. I

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

ജില്ല : **തൃശ്ശൂർ** **താലൂക്ക് : ചാവക്കാട്**

വില്ലേജ് : **ഗുരുവായൂർ** **ദേശം : ഗുരുവായൂർ**

ക്രമ നമ്പർ	സർവ്വെ നമ്പർ	സബ് ഡിവിഷൻ നമ്പർ	ഭൂമിയുടെ തരം	വിസ്തീർണം (ഹെ .ആർ.ചമീ)	ഏത് പൊതു ആവശ്യത്തിന് എന്ന്	ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റിപാർപ്പിക്കാനുള്ള കാരണം	കൈവശക്കാരുടെ വിവരങ്ങൾ
1	99	22	തോട്ടം	0.0593	ഗുരുവായൂർ അമ്പലം-വികസനം		1. അച്യുതൻകുട്ടി, ഒഴുക്കിൽ വീട് (ഗോവിന്ദ് ടൂറിസ്റ്റ് ഹോം), മുതൽപേർ 2. വാസുദേവൻ നമ്പൂതിരി,മുതൽപേർ S/o. കൃഷ്ണൻ നമ്പൂതിരി, കൊടയ്ക്കാട്ട് മന 2. രാധാമണി മുതൽപേർ, D/o. കൃഷ്ണൻ നമ്പൂതിരി,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

							കൊടയ്ക്കാട്ട് മന
2	99	23	തോട്ടം	0.0012	ഗുരുവായൂർ അമ്പലം-വികസനം		1. കെ. സി. കൃഷ്ണൻ നമ്പൂതിരി, കൊടക്കാട്ടിൽ മന, മുതൽപേർ
3	99	26	തോട്ടം	0.0060	ഗുരുവായൂർ അമ്പലം-വികസനം		1. ബിന്ദു, W/o. ഗംഗാധരൻ നായർ, മനയ്ക്കൽ വീട്, ഗുരുവായൂർ, മുതൽപേർ
4	99	6	തോട്ടം	0.0989	ഗുരുവായൂർ അമ്പലം-വികസനം		1. പ്രസാദ്, S/o. പരമു നായർ, കണക്കശ്ശേരി വീട്, ഇരിങ്ങാലക്കുട, മുതൽപേർ (വൈശാഖ് ടൂറിസ്റ്റ് ഹോം)
5	99	55	തോട്ടം	0.0276	ഗുരുവായൂർ അമ്പലം-വികസനം		1. ഗിരിജ കാശിവിശ്വനാഥൻ, മുതൽപേർ 2. പി. കെ. കൃഷ്ണകുമാർ 3. പി. എൻ. വാസുദേവൻ 4 ചന്ദ്രശേഖരൻ പിള്ള മുതൽപേർ 5. Pegasus Assets Reconstruction Pvt. Limited 6. മുതൽപേർ
6	99	7	തോട്ടം	0.0680	ഗുരുവായൂർ അമ്പലം-വികസനം		1. ഗിരിജ കാശിവിശ്വനാഥൻ, മുതൽപേർ 2. പി. കെ. കൃഷ്ണകുമാർ 3. പി. എൻ. വാസുദേവൻ 4 ചന്ദ്രശേഖരൻ പിള്ള മുതൽപേർ 5. Pegasus Assets Reconstruction Pvt. Limited 6. മുതൽപേർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7	98	6	തോട്ടം	0.0502	ഗുരുവായൂർ അമ്പലം-വികസനം		1. ഉഷ & കെ. വി. രവീന്ദ്രൻ, S/o. വേലപ്പൻ, കാഞ്ഞിരപറമ്പിൽ, ഗുരുവായൂർ 2. കൃഷ്ണൻ മുതൽപേർ, S/o. വെങ്കിട്ടരാമയ്യർ, ഏഴാപുരം, ഗുരുവായൂർ 3. വിജയലക്ഷ്മി, W/o. രാമൻകുട്ടി മേനോൻ, കൃഷ്ണാമൃതം, ഗുരുവായൂർ 4. രഞ്ജിത്ത്, S/o. ശങ്കരനാരായണൻ, വാകയിൽ വീട്, ഗുരുവായൂർ 5. ഉമാ നമ്പ്യാർ, W/o. ശശീധരൻ, Flat No. IV/I, Abu VSR Castle, Hotel Abu Palace Compound, Pune Valley High Road, Hill Park 6. സരസ്വതി സുബ്രഹ്മണ്യം, മുതൽപേർ അനുഗ്രഹ സമൂഹം റോഡ്, കിഴക്കേ നട, ഗുരുവായൂർ,
8	98	5	തോട്ടം	0.0100	ഗുരുവായൂർ അമ്പലം-വികസനം		1. ശ്രീദേവി അന്തർജനം മുതൽപേർ W/o പരമേശ്വരൻ നമ്പൂതിരിപ്പാട്, പുഴക്കര ചേന്നാസ്, എരവിമംഗലം
9	98	7	തോട്ടം	0.1300	ഗുരുവായൂർ അമ്പലം-വികസനം		1. ശ്രീദേവി അന്തർജ്ജനം മുതൽപേർ, W/o. പരമേശ്വരൻ നമ്പൂതിരിപ്പാട്, പുഴക്കര ചേന്നാസ്, എരമംഗലം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

10	110	16	തോട്ടം	0.0243	ഗുരുവായൂർ അമ്പലം-വികസനം		1. ഇ എൻ രാധ മുതൽപേർ, W/o. സുഭാഷ് ചന്ദ്രൻ, പടിഞ്ഞാറെ തലയ്ക്കൽ, വെസ്റ്റ് ഫോർട്ട്, തൃശ്ശൂർ (അമൃത ലോഡ്ജ്) 2. ശ്രീനിവാസൻ മുതൽപേർ, S/o. കുമാരൻ, മാക്കത്ത്, മങ്ങാട്, ഗുരുവായൂർ 3. ബിന്ദു മുതൽപേർ, W/o. കെ. പി. രമേഷ്, മിത്തലെചാലിൽ 4. രാധാകൃഷ്ണൻ, S/o. ബാലകൃഷ്ണൻ നായർ, കടലായി വീട്, ഗുരുവായൂർ 5. മുതൽപേർ
11	110	9	തോട്ടം	0.2194	ഗുരുവായൂർ അമ്പലം-വികസനം		1. കെ. പി. നാരായണൻ നമ്പീശൻ മുതൽപേർ, S/o. ദാമോദരൻ നമ്പീശൻ, കിഴക്കെ പുഷ്പകം, ഗുരുവായൂർ, മുതൽപേർ
12	107	6	തോട്ടം	0.0052	ഗുരുവായൂർ അമ്പലം-വികസനം		ഹരി ഭാസ്കർ, S/o നാരായണമേനോൻ, മാമ്പുള്ളി കളത്തിൽ മുതൽപേർ

ആകെ വിസ്തീർണ്ണം 0.7001 ഹെക്ടർ

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

മുപ്പത് ഭവനങ്ങൾ, നൂറ്കണക്കിന് വ്യാപാര സ്ഥാപനങ്ങൾ, അനേകം പേരുടെ തൊഴിൽ നഷ്ടം ഇവ എല്ലാം പരിഗണിക്കുമ്പോൾ, പദ്ധതിയുടെ പ്രത്യാഘാതം വളരെ കൂടിയതായി കണക്കാക്കാവുന്നതാണ്. എന്നാൽ 2008 മുതൽ ശ്രീകൃഷ്ണ ക്ഷേത്രത്തിന്റെ നൂറ് മീറ്റർ ചുറ്റളവ് സംരക്ഷിക്കപ്പെടണം എന്ന ആവശ്യം മുൻനിർത്തി ദേവസ്വം ബോർഡും, അതിനെതിരെ ചർച്ചകളും, ഏതാനും വ്യക്തികളും കോടതി വിധിയും ഒക്കെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ ക്ഷേത്രത്തിന്റെ നൂറ് മീറ്റർ ചുറ്റളവിൽ നിന്നും മാറ്റപ്പെടേണ്ട സാഹചര്യം, പദ്ധതിബാധിതർ ഉൾക്കൊള്ളുകയും, പലരും തങ്ങളുടെ പുനരധിവാസത്തിന് സ്വയംപദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്തതായി സാമൂഹ്യപ്രത്യാഘാത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പഠനത്തിൽ കണ്ടെത്തുകയും ഉണ്ടായി. ഇത് പ്രത്യാഘാതം കുറയ്ക്കുന്ന ഘടകമാണ്. കൂടാതെ ക്ഷേത്രത്തിന്റെ നൂറ് മീറ്റർ ചുറ്റളവിൽ താമസിക്കുന്നവർ ഭൂരിഭാഗവും ക്ഷേത്രത്തിന്റെ ആചാര വിശ്വാസങ്ങളുടെ നടപ്പാക്കലിൽ ഭാഗഭാക്കാവുന്നവരും, പങ്കാളികളുമാണ്. അതുകൊണ്ട് തന്നെ ക്ഷേത്രത്തിന്റെ പരിപാലനം, സുരക്ഷിതത്വം എന്നിവയ്ക്ക് വേണ്ടി തയ്യാറാക്കുന്ന പദ്ധതികളെ പിന്തുണയ്ക്കുന്നവരും അതിനുവേണ്ടി വാദിക്കുന്നവരുമാണ്. അതുകൊണ്ട് തന്നെ ക്ഷേത്ര പുരോഗതിയ്ക്ക് വേണ്ടിയുള്ള തങ്ങളുടെ ഭവന നഷ്ടത്തെ ഉൾക്കൊള്ളാൻ തയ്യാറാണ്. ഇതും പ്രത്യാഘാതം ലഘൂകരിക്കുന്ന ഘടകമാണ്.

എന്നാൽ നൂറ് കണക്കിന് വ്യാപാര സ്ഥാപനങ്ങളും ലോഡ്ജുകളും, ഹോട്ടലുകളുമാണ് പദ്ധതിമൂലം കുടിയൊഴിപ്പിക്കപ്പെടുന്നത്. തങ്ങളുടെ ജീവിതോപാധികളായ ഈ വ്യാപാര സ്ഥാപനങ്ങളുടെ നഷ്ടം ഇവരുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കും എന്നത് യാഥാർത്ഥ്യം ആണ്. എന്നാൽ താമസ്സ ഭവനങ്ങളുടെ കാര്യത്തിൽ എന്നപോലെ ക്ഷേത്രത്തിന്റെ നൂറ് മീറ്റർ ചുറ്റളവിൽ നിന്നും തങ്ങൾ മാറ്റപ്പെടേണ്ട സാഹചര്യം ഉണ്ടാവും എന്ന ചർച്ച കഴിഞ്ഞ രണ്ട് ദശകങ്ങളായി ഇവരുടെ ഇടയിൽ ഉണ്ട്. അതുകൊണ്ട് തന്നെ ന്യായമായ പുനരധിവാസ സാധ്യത ലഭ്യമായാൽ പ്രത്യാഘാത ലഘൂകരണം സാധ്യമാണ് എന്ന് ഇവർ കരുതുന്നു. എന്നാൽ ഇപ്പോൾതന്നെ വ്യാപാരം, വ്യവസായ സ്ഥാപനങ്ങളായൽ പൂരിതമായിരിക്കുന്ന ഇന്നർ റിംഗ് റോഡിനും ഔട്ടർ റിംഗ് റോഡിനും ഇടയിലുള്ള പ്രദേശത്ത് സ്വയം പുനരധിവാസ സാധ്യതകൾ വിരളമാണ് എന്നത് ഇവരുടെ പ്രത്യാഘാതം കൂട്ടുന്ന ഘടകമാണ്. ദേവസ്വം ബോർഡിന്റെ സഹായത്തോടും, പിന്തുണയോടും കൂടിയുള്ള പുരധിവാസ പദ്ധതി രൂപപ്പെടുത്തുന്നതിന്റെ പ്രസക്തി ഇതാണ്.

കൂടാതെ ഇപ്രകാരം ഉള്ള പുനരധിവാസം ഉണ്ടായാൽ മാത്രമേ, ഈ വ്യാപാര സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളെ തൊഴിൽ നഷ്ടം കൂടാതെ നിലനിർത്താൻ സാധ്യമാവുകയുള്ളൂ.

ക്ഷേത്രത്തിന്റെ വികസനത്തിന് വേണ്ടി വർഷങ്ങൾക്ക് മുമ്പ് കുടിയൊഴിപ്പിച്ച വ്യാപാരികളെ പുനരധിവസിപ്പിച്ച ദേവസ്വം ഉടമസ്ഥതയിലുള്ള വ്യാപാര സമുച്ചയവും പദ്ധതിബാധിതമാണ്. രണ്ട് വട്ടം കുടിയൊഴിപ്പിക്കപ്പെടുന്നു എന്ന പരിഗണന ഈ വ്യാപാരികൾക്ക് നൽകി അവരെ പ്രത്യേക വിഭാഗമായി പരിഗണിച്ച് പുനരധിവാസം ഉറപ്പാക്കുന്നത് ഒരു പ്രത്യാഘാത ലഘൂകരണ നടപടിയാണ്.

ചെറുകിട വ്യാപാരികളുടെ പുനരധിവാസം ഒരു പരിധിവരെ ദേവസ്വം ബോർഡ് നടപ്പാക്കുന്ന മാസ്റ്റർ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സാധ്യമാക്കാവുന്നതാണ്. എന്നാൽ പദ്ധതിമൂലം നഷ്ടപ്പെടുന്ന ലോഡ്ജിംഗ്, ഹോട്ടൽ സമുച്ചയങ്ങൾ, വാണിജ്യ അഥിതി മന്ദിരങ്ങൾ എന്നിവയുടെ ഉടമസ്ഥർ, തൊഴിലാളികൾ ഇവരുടെ പുരധിവാസം പുനസ്ഥാപനം, എന്നിവയ്ക്ക് മുനിസിപ്പാലിറ്റിയുടെയും കൂടി പങ്കാളിത്തം ആവശ്യമാണ്. അടിസ്ഥാന സൌകര്യങ്ങൾ രൂപപ്പെടുത്തി ഉപഗ്രഹ ടൌൺഷിപ്പുകൾ നിർമ്മിച്ച്, മേൽപ്പറഞ്ഞ പദ്ധതിബാധിതർക്ക് പുനരധിവാസ സാധ്യതകൾ രൂപപ്പെടുത്തുന്നത് പ്രത്യഘാത ലഘൂകരണത്തെ സഹായിക്കും. കൂടാതെ പദ്ധതിയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കും.

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിലും, ചമയങ്ങളിലെ ചിലതെങ്കിലും ബാങ്കുകളുടെ ഏറ്റെടുക്കൽ നടപടികളിലും, പരസ്പര വ്യവഹാരങ്ങളിലും ഉള്ളവയാണ്. ഇവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക അദാലത്തുകൾ നടത്തുന്നത് നഷ്ട പരിഹാര വിതരണം സുഗമമാക്കാൻ സഹായകരമാണ്.

പദ്ധതിപ്രദേശത്തെ വ്യാപാരസ്ഥാപനങ്ങളിൽ ഏറിയപങ്കും ക്ഷേത്ര വിശ്വാസത്തോടുള്ള കൂറും ഭക്തർക്ക് നൽകുന്ന സേവനവും വാണിജ്യ താത്പര്യങ്ങളേക്കാൾ വിലമതിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ക്ഷേത്രത്തിന് ചുറ്റും ഒരു വിശ്വാസത്തിലും ഭക്തിയിലും അധിഷ്ഠിതമായ ഒരു സാമൂഹ്യ നിയന്ത്രണം രൂപപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ വ്യാപാരസ്ഥാപനങ്ങൾ മാറ്റപ്പെടുന്നതോടെ ഈ സാമൂഹ്യ നിയന്ത്രണം കുറയുകയും, സാങ്കേതിക സുരക്ഷിതത്തം വർദ്ധിക്കുകയും ചെയ്യും. അതുകൊണ്ട് തന്നെ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിച്ച് സാമൂഹിക സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നത്. ഭക്ത ജനങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങളിൽ ഭക്തിയും, പരിശുദ്ധിയും നിലനിർത്തുന്നതിനും, കുടിയൊഴിപ്പിക്കപ്പെടുന്നവരിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സന്നദ്ധസേവന താത്പര്യത്തോടെ വ്യാപാരം ചെയ്തിരുന്നവർക്ക് തങ്ങളുടെ സേവനം തുടരുന്നതിനും സഹായകരമാണ്.

നഷ്ടപ്പെടുന്ന താമസഭവനങ്ങളിൽ ചിലത് ക്ഷേത്രം പൂജാരിമാരുടേയും തന്ത്രിയുടെയും മറ്റ് ക്ഷേത്രം ജീവനക്കാരുടെയും ആണ്. ക്ഷേത്രത്തിൽ ഏത് സമയത്തും എത്തുന്നതിനും പൂജകളും, ആചാരങ്ങളും അനുഷ്ഠിക്കുന്നതിനും ക്ഷേത്രത്തിനോട് ചേർന്നുള്ള അവരുടെ താമസ്സം അവർക്ക് സഹായകരമാണ്. ഈ ഭവനങ്ങൾ നഷ്ടപ്പെടുമ്പോൾ ക്ഷേത്രത്തിനോട് ചേർന്ന് താമസഭവനങ്ങൾ ലഭ്യമാക്കണം എന്ന് ഇവർ ആവശ്യപ്പെടുന്നു. ക്ഷേത്ര ആചാരങ്ങളുടെ പരിശുദ്ധി പാലിക്കുന്നതിനും സമയ നിഷ്ഠ പാലിക്കുന്നതിനും ഇത് അത്യാവശ്യമാണ് എന്ന് ഇവർ ചൂണ്ടിക്കാട്ടുന്നു.

നഷ്ടപ്പെടുന്ന പല ഭവനങ്ങളും, ക്ഷേത്രത്തിൽ വർഷങ്ങളായി പൂജ കർമ്മാദികളിൽ ഏർപ്പെടുന്ന കുടുംബങ്ങളുടെയാണ്. തങ്ങളുടെ ഭവനങ്ങളോട് ചേർന്ന് സർപ്പക്കാവുകളും, ചെറു ക്ഷേത്രങ്ങളും, വിളക്ക് തറകളും ഒക്കെ പരിപാലിച്ചു വരുന്ന ഇവർ, ഇവ നഷ്ടപ്പെടാതെ ക്ഷേത്രാചാര പ്രകാരം സംരക്ഷിക്കണം എന്ന് ആവശ്യപ്പെടുന്നു. ഇവയെല്ലാം പുനരധിവാസ സ്ഥലങ്ങളിൽ പുന:പ്രതിഷ്ഠ നടത്താൻ ആഗ്രഹമുള്ള കുടുംബങ്ങൾക്ക് പ്രത്യേക ധനസഹായം ലഭ്യമാക്കണം.

രാജ്യത്തെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ ഒന്നായ ഗുരുവായൂർ ക്ഷേത്രം, ഓരോ ദിനവും എത്തപ്പെടുന്ന ഭക്തരുടെ എണ്ണത്തിലും വളരെ മുൻപന്തിയിലാണ്. ലക്ഷക്കണക്കിന് ഭക്തർ ദിവസേന എത്തുന്ന ക്ഷേത്രത്തിന് 100 മീറ്റർ ചുറ്റളവിലുള്ള വികസനം വളരെ അപര്യാപ്തമാണ് എന്ന് ദേവസ്വം ഭരണസമിതി അഭിപ്രായപ്പെടുന്നു. അതുകൊണ്ട് തന്നെ ഇന്നർ റിംഗ് റോഡ് എന്ന് അറിയപ്പെടുന്ന മുനിസിപ്പൽ റോഡിന്റെ ഉൾഭാഗത്ത് ഉള്ള എല്ലാ ഭൂമിയും ഏറ്റെടുത്ത്, മാസ്റ്റർ പ്ലാൻ അടിസ്ഥാനത്തിൽ ക്ഷേത്ര വികസനം രൂപപ്പെടുത്തിവരുകയാണ്. അതുകൊണ്ട് തന്നെ ഇപ്പോഴത്തെ നൂറ് മീറ്റർ ചുറ്റളവിലുള്ള പദ്ധതി, വരാൻ പോകുന്ന പദ്ധതിയുടെ ഒന്നാം ഘട്ടമായി കണക്കാക്കി പുനർവാസ - പുനരധിവാസ നടപടികൾ രൂപപ്പെടുത്തണം വികസന പദ്ധതിയിലൂടെ ഉണ്ടാവുന്ന തൊഴിൽ സാധ്യതകളിൽ, പ്രത്യേക വ്യാപാര മേഖലകളിൽ ഒക്കെ പദ്ധതിബാധിതർക്ക് മുൻതൂക്കം നൽകണം. ആയത് പ്രത്യാഘാത ലഘൂകരണത്തിന് സഹായകരമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, തുടർന്ന് സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളിലൂടെ ഗവൺമെന്റിന് മുന്നോട്ട് പോകാവുന്നതാണ് എന്നാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഗീത എ.

അഡീഷണൽ സെക്രട്ടറി (റവന്യൂ)

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ & റീസെറ്റിൽമെന്റ് ചട്ടങ്ങൾ 19.09.2015 ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതും, പ്രസ്തുത ചട്ടത്തിലെ റൂൾ 18 പ്രകാരം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമി ഗ്രാമീണ നഗര പ്രദേശങ്ങളായി തരം തിരിച്ച് വിശദവിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.20 07:29:16 +05:30